## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7569 — 17/07/2012-ൽ മറുപടിക്ക്

### ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ | ഡോ. എം. കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

(എ) ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് വിശദമാക്കുമോ ;

(എ) സമൂഹത്തിലെ നിരാലംബരായ അഗതികൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ അതിജീവനാവശ്യങ്ങളും, ഭൂമി, കിടപ്പാടം,. കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളും തൊഴിൽ പരിശീലനം, വ്യക്തിത്വ വികാസം തുടങ്ങിയ വികസന ആവശ്യങ്ങളും സമൂഹവുമായി അടുത്തിടപഴകുന്നതിന് സഹായിക്കുന്ന കൗൺസിലിംഗ് തുടങ്ങിയവയും ഉൾപ്പെടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി നൽകുന്നതിന് ലക്ഷ്യമാക്കിയാണ് ആശ്രയ പദ്ധതി ആരംഭിച്ചിട്ടുള്ളത്.

അഗതികൾ നേരിടുന്ന പ്രശ്നങ്ങൾ വിവിധ വകുപ്പുകളുടേയും, ഏജൻസികളുടേയും സഹായത്തോടെ മാത്രമെ പരിഹരിക്കുവാൻ സാധിക്കുയുള്ളു. ഇവ പ്രത്യേകമായി കണ്ടെത്തി ലിസ്റ്റു ചെയ്ത്, പുനരധിവാസത്തിനുവേണ്ടി തയ്യാറാക്കുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമെ സംയോജനം സാധ്യമാക്കാൻ കഴിയുകയുള്ളു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് 3 വർഷത്തേയ്ക്കുള്ള സഹായം നൽകുന്നതിന് ഈ പദ്ധതി പ്രകാരം സാധിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി നീട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആശ്രയപദ്ധതി പ്രകാരം 3 വർഷത്തേയ്ക്കുള്ള പദ്ധതിയാണ് പ്രാഥമികമായി തയ്യാറാക്കുന്നത്. 3 വർഷ കാലാവധി കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് 3 വർഷത്തേയ്ക്ക് കൂടി സഹായം നൽകുന്നതിനുള്ള പദ്ധതി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ആശ്രയ പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തി വിപുലീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | (സി) | ആശ്രയ പദ്ധതിയിൻകീഴിൽ പുതുതായി അംഗത്വം നൽകുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, നിലവിലെ മാനദണ്ഡ പ്രകാരം പദ്ധതിയിൽ ചേരാൻ അർഹതയുള്ളവരെ അർഹത തിട്ടപ്പെടുത്തി ടി പദ്ധതിയിൽ ചേരാൻ അനുവദിക്കുന്നതിന് സ.ഉ. (കൈ) നം. 170/2012/തസ്വഭവ തീയതി 16/06/2012 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ആശ്രയ പദ്ധതിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ആശ്രയ പദ്ധതിയിൽ ചേരുവാൻ അർഹതയുള്ളവരെ അർഹത തിട്ടപ്പെടുത്തി പദ്ധതിയിൽ ചേരാൻ അനുവദിക്കുക.<br>2) ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി വകയിരുത്തിയ ഫണ്ടിന്റെ ഇൻഫ്രാസ്ട്രക്ച്ചർ അല്ലാത്ത ഘടകങ്ങൾക്കുവേണ്ടി അനുവദിച്ച തുകയുടെ 50% ഉപയോഗിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതുക്കിയ പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി.<br>3) ആശ്രയപദ്ധതിക്കായി കുടുംബശ്രീ മുഖേന സർക്കാർ അനുവദിക്കുന്ന ചലഞ്ച് ഫണ്ട് പ്രോജക്ട് തുകയുടെ 40% എന്ന പരിധിക്കു വിധേയമായി 15 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ